"ഭരണഭാഷ-മാതൃഭാഷ"

**വളരെ അടിയന്തിരം**

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 15-07-2021

നം E3-2354/2020/PrHQ

പ്രേഷകൻ

**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസ്സസ്,**
ജയിലാസ്ഥാന കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം.

സ്വീകർത്താവ്

**എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.**

സർ,

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - വകുപ്പിനു കീഴിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന താത്കാലിക ജീവനക്കാർക്ക് അതാത് ദിവസത്തെ സേവനത്തിന് അതാത് ദിവസം തന്നെ വേതനം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്:-

സൂചന : ദക്ഷിണമേഖലാ ഡി.ഐ.ജി ഓഫീസിൽ നിന്നുള്ള 12/07/2021 തീയതിയിലെ SICA6-3793/2021/DIGSICA എന്ന കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ജയിൽ വകുപ്പിനുകീഴിലെ വിവിധ സ്ഥാപനങ്ങളിലെ ഭക്ഷ്യനിർമ്മാണ യൂണിറ്റുകളിൽ താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് നിലവിൽ ഓരോ മാസത്തേയും സേവനത്തിന് പ്രസ്തുത മാസം എത്ര ദിവസം സേവനം അനുഷ്ഠിച്ച എന്നത് പരിഗണിച്ച് പ്രതിമാസ നിരക്കിലാണ് വേതനം നൽകി വരുന്നത്.

സൂചനയിലെ ദക്ഷിണമേഖലാ ഡി.ഐ.ജി യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഭക്ഷ്യ യൂണിറ്റിലെ ദിവസവേതന ജീവനക്കാർക്ക് പ്രതിമാസ വേതനത്തിനു പകരം, ഓരോ ദിവസത്തേയും വേതനം ഭാവിയിൽ ഒരു അവകാശത്തിനും അർഹതയില്ലാത്ത വിധം അതാത് ദിവസം തന്നെ നൽകി സേവനം അവസാനിപ്പിക്കുന്നതിന് ഭക്ഷ്യയൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകുന്നു.

തങ്ങളുടെ മേഖലയിലുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേഖലാ ഡി.ഐ.ജി മാർ വിലയിരുത്തേണ്ടതും, സ്ഥാപനമേധാവികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**ഋഷി രാജ് സിംഗ് IPS**
**ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്**

പകർപ്പ് :
1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും.
2. ടെക്നിക്കൽ സെല്ല് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

E3-2354/2020/PrHQ

ca74bb